പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 3368

09.04.2013 ൽ
മറുപടിക്ക്

# വൈക്കം താലൂക്കിലെ മണൽ ഖനനം

| ചോദ്യം<br>ശ്രീ.കെ.അജിത് : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|---|
| (എ) വൈക്കം താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ കരഭൂമിയിൽ നിന്നും മണൽ ഖനനം ചെയ്യുവാൻ നൽകിയിരുന്ന അനുമതി ഇപ്പോഴും നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കളക്ടറുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലും 11-12-2012 ലെ സ.ഉ.നം.144/12/വ്യവ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഖനനാനുമതി നൽകുന്നുണ്ട്. |
| (ബി) കരഭൂമിയിൽ നിന്നും മണൽ ഖനനം ചെയ്തതിനെത്തുടർന്നുണ്ടായ കുഴികൾ ഇപ്പോഴും വിവിധ സ്ഥലങ്ങളിൽ മൂടപ്പെടാതെ കിടക്കുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇതിനെതിരെ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഇത്തരം നികത്തേണ്ട കുഴികൾ നികത്തുന്നതിലേക്ക് ആവശ്യമായ മേൽമണ്ണിന്റെ അളവു കണക്കാക്കി PWD നിരക്കിൽ തത്തുല്ല്യ തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന് ശേഷവും കുഴി മൂടാത്തവർക്കെതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ മണൽക്കുഴികൾ മൂടുന്നതിനാവശ്യമായ നടപടികൾക്കു സ്ഥലമുടമകളെ നിർബന്ധിതരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ഇതിനായി എന്തു നടപടികളാണു വകുപ്പു തലത്തിൽ കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | സ്വീകരിക്കുന്നുണ്ട്. ഇതിനായി മണൽ ഖനന പെർമിറ്റ് നൽകുന്ന സമയത്ത് ഖനനശേഷം സ്ഥലം മൂടുന്നതിനാവശ്യമായ തുക ബാങ്ക് ഗ്യാരന്റിയായി കക്ഷിയിൽ നിന്ന് മുൻകൂറായി ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ